പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**1538** **21.03.2012-** ലെ മറുപടിക്ക്

ഒറ്റപ്പാലം മണ്ഡലത്തിൽ നിന്ന് വിദേശ ജയിലുകളിൽ കഴിയുന്നവർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) വിവിധ കുറ്റകൃത്യങ്ങൾ ആരോപിക്കപ്പെട്ട് വിദേശ ജയിലുകളിൽ കഴിയുന്ന കേരളീയരെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാണോ ; എങ്കിൽ വെളിപ്പെടുത്തുമോ ;<br><br>(ബി) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലുള്ള എത്ര പേരാണ് വിദേശ ജയിലുകളിൽ കഴിയുന്നത് ; ഇവർ ഏതെല്ലാം കുറ്റകൃത്യങ്ങൾക്കാണ് ശിക്ഷിക്കപ്പെട്ടിരിക്കുന്നത് ; | (എ & ബി) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (സി) അവർക്ക് എന്തെല്ലാം നിയമസഹായങ്ങൾ ആണ് പ്രവാസി വകുപ്പ് നൽകിയത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്. |

(ഡി) പ്രവാസികൾക്ക് നൽകിയ തിരിച്ചറിയൽ കാർഡ് പുതുക്കുവാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി സംവിധാനം ഏർപ്പെടുത്തുമോ ?

(ഡി) പ്രവാസികൾക്ക് നൽകിയ തിരിച്ചറിയൽ കാർഡ് പുതുക്കാനുള്ള സൌകര്യം ഇപ്പോൾ നിലവിലുണ്ട്. ഇതിനായി നിബന്ധനകൾക്കനുസൃതമായി അപേക്ഷ നോർക്ക – റൂട്ട്സിന് സമർപ്പിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ